**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 617** **28-06-2022 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക വകുപ്പ് സ്റ്റാർട്ടപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' പ്രകാരം കേരളത്തിൽ 2021-22 കാലയളവിൽ എത്ര പദ്ധതികൾ നിലവിൽ വന്നിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതിയുടെ കരട് മാർഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചു വരികയാണ്. പ്രസ്തുത പദ്ധതിക്കായി 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്, എന്നാൽ 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി പ്രകാരം കേരളത്തിൽ 2021-22 കാലയളവിൽ, ഒരു പദ്ധതിയും നിലവിൽ വന്നിട്ടില്ല. |
| (ബി) | വ്യവസായിക വകുപ്പ് സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ച്ചറിംഗ് പ്രവർത്തനങ്ങൾക്കായി എന്തെല്ലാം സഹായം ചെയ്തുവരുന്നു; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2022-23ൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കൂടുതൽ യൂണിറ്റുകൾ സൃഷ്ടിക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ ഒന്നാണ് മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി. ടി പദ്ധതിയ്ക്കായി 650 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കരട് മാർഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചു വരികയാണ്.<br><br>കെ.എസ്.ഐ.ഡി.സി -യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കു ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്. |
| (സി) | കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു; വ്യക്തമാക്കാമോ; | (സി) | വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം നിശ്ചിത ഇടവേളകളിൽ സർക്കാർ തലത്തിലും റിയാബ് തലത്തിലും നടത്തി വരികയും, പ്രവർത്തന പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകി കമ്പനികളെ |

| | | | |
|---|---|---|---|
| | | | ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനമായും പദ്ധതി വിഹിതമായും സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഇതോടൊപ്പം തന്നെ പുതിയ പദ്ധതികൾക്കും വൈവിധ്യവൽക്കരണത്തിനും ആവശ്യമായി വരുന്ന അധിക ധനസമാഹരണം കണ്ടെത്തുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്യാരന്റിയും നൽകി വരുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള മാസ്റ്റർപ്ലാൻ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ റിയാബിന്റെ മേൽനോട്ടത്തിൽ നടന്നു വരികയാണ്. |
| (ഡി) | സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന കേന്ദ്ര പൊതുമേഖലാ സ്ഥപനങ്ങൾ ഏതൊക്കെയാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തി തുടങ്ങിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഭെൽ-ഇ.എം.എൽ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നീ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. 100% സംസ്ഥാന സർക്കാർ ഓഹരി പങ്കാളിത്തത്തോടെ ഭെൽ-ഇ.എം.എൽ നെ 'കെൽ-ഇ.എം.എൽ' എന്നും, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് -നെ 'കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ' എന്നും പുനർനാമകരണം ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടേയും ബോർഡ് ഓഫ് ഡയറക്ടേഴ്സ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. |
| (ഇ) | ഇനിയും മറ്റ് കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഇ) | കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കുവാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി 11.02.2022 ലെ G.O.(Ms)No.18/2022/ID പ്രകാരം KSIDC യെ ചുമതപ്പെടുത്തിയിരുന്നു. തുടർന്ന് KSIDC, കേന്ദ്ര സർക്കാർ നിർദേശിച്ച സമയ പരിധിക്കുള്ളിൽ തന്നെ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ടുള്ള EOI സമർപ്പിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ